**പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2635 19/07/2011-ൽ മറുപടിയ്ക്ക്

**ഇലക്ട്രോണിക് വിവരപ്രദർശന ബോർഡ്**

ചോദ്യം | മറുപടി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)

| | |
|---|---|
| (എ) മത്സ്യലഭ്യതയും കടലിന്റെ സ്വഭാവ വിശേഷവും ഓരോ മണിക്കൂർ ഇടവിട്ടറിയുന്നതിന് ഉതകുന്ന ഇലക്ട്രോണിക് വിവര പ്രദർശന ബോർഡ് കടലിൽ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സംസ്ഥാന ഫിഷറീസ് വകുപ്പു വഴി ഇലക്ട്രോണിക് വിവര പ്രദർശന ബോർഡ് കടലിൽ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ മൽസ്യലഭ്യതയും കടലിന്റെ സ്വഭാവവിശേഷവും അറിയിക്കുന്നതിനുള്ള സംവിധാനം കേന്ദ്ര സർക്കാരിന്റെ ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ്സ് (ഐ.എൻ.സി.ഒ.ഐ.എസ്) എന്ന ഹൈദ്രാബാദിലുള്ള സ്ഥാപനം വഴി രാജ്യത്ത് ലഭ്യമാണ്. സംസ്ഥാനത്ത് ഈ സംവിധാനം വഴിയുള്ള പ്രോജക്ടുകൾ വടക്കൻ കേരളത്തിൽ കൊച്ചിയിലുള്ള സെന്റർ ഫോർ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ.) വഴിയും, തെക്കൻ കേരളത്തിൽ സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററും (കെ.എസ്.ആർ.ഇ.സി) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെയും (സി.ഇ.എസ്.എസ്) നേതൃത്വത്തിൽ ഇൻകോയിസിന്റെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്. |
| (ബി) എങ്കിൽ സംസ്ഥാനത്ത് എവിടെയാണ് ഇത് സ്ഥാപിക്കുക; ഏതു ഏജൻസിയാണ് ഇത് രൂപ | സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി) ഇൻകോയിസ് പ്രോജക്ടിന്റെ ഭാഗമായി |

| | |
|---|---|
| കൽപ്പന ചെയ്തതെന്നറിയിക്കുമോ; | തിരുവനന്തപുരം ജില്ലയിൽ അഞ്ചുതെങ്ങിലും മരിയനാടും ഈ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സി.ഇ.എസ്.എസ്) വിഴിഞ്ഞത്ത് 16/07/2011 ൽ ഈ സംവിധാനം സ്ഥാപിക്കുന്നുണ്ട്. ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവ്വീസസ്സ് (ഐ.എൻ.സി.ഒ.ഐ.എസ്) എന്ന ഹൈദ്രാബാദിലുള്ള സ്ഥാപനമാണ് ഇത് രൂപകൽപ്പന ചെയ്തിട്ടുള്ളത്. |
| (സി) ഈ ബോർഡ് സ്ഥാപിക്കുന്നതിലൂടെ മറ്റെന്തൊക്കെ സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്കും, തീരദേശ നിവാസികൾക്കും ലഭ്യമാകുക ? | സുനാമി ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനും, സമുദ്രതാപനില, വേലിയേറ്റം, വേലിയിറക്കം, കാറ്റിന്റെ ഗതി എന്നിവയെപ്പറ്റി വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഈ സംവിധാനം വഴി സാധിക്കും. |
| (ഡി) എന്ന് ഇത് സ്ഥാപിക്കാനാകും; ഭാവിയിൽ കൂടുതൽ പ്രദേശത്തേയ്ക്ക് ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | ഈ സംവിധാനം നിലവിൽ തിരുവനന്തപുരം ജില്ലയിൽ 3 മത്സ്യബന്ധന തുറമുഖങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ